"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് – 2026-ലെ കാലവർഷക്കെടുതി – സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.17/2026/DMD തീയതി,തിരുവനന്തപുരം, 06-08-2026

പരാമർശം:- 1. സ.ഉ.(കൈ) നം.13/2018/ഡി.എം.ഡി തീയതി 16.08.2018.
2. സ.ഉ.(കൈ) നം.14/2018/ഡി.എം.ഡി തീയതി 17.08.2018.
3. സ.ഉ.(കൈ) നം.3/2026/ഡി.എം.ഡി തീയതി 23.01.2026.

ഉത്തരവ്

2026-ലെ കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ ദുരന്തബാധിതർക്ക് അടിയന്തര സഹായം ഉറപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

1. 2026-ലെ കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിലവിൽ അനുവദിച്ചുവരുന്ന ₹4,00,000/- (നാല് ലക്ഷം രൂപ) ധനസഹായത്തിന് പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ₹2,00,000/- (രണ്ട് ലക്ഷം രൂപ) കൂടി അനുവദിച്ച് ആകെ ₹6,00,000/- (ആറ് ലക്ഷം രൂപ) ധനസഹായം അനുവദിക്കുന്നു. ഇതിനു പുറമേ, പി.എം.എൻ.ആർ.എഫിൽ നിന്നും അർഹമായ ₹2,00,000/- (രണ്ട് ലക്ഷം രൂപ) ധനസഹായം ദുരന്തബാധിതർക്ക് തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി, ദുരന്തത്തിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിവരങ്ങൾ അതാത് ജില്ലാ കളക്ടർമാർ പി.എം.എൻ.ആർ.എഫ്. പോർട്ടലിൽ അടിയന്തരമായി രേഖപ്പെടുത്തേണ്ടതാണ്.
2. കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെ സംസ്കാര ചടങ്ങുകൾക്കായി അടിയന്തര ധനസഹായമായി ഓരോ കുടുംബത്തിനും ₹10,000/- (പതിനായിരം രൂപ മാത്രം) വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്നു.
3. പ്രളയജലം കയറിയോ, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മൂലം മണ്ണ്, ചെളി, പാറ എന്നിവ കയറിയോ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് വീട് വൃത്തിയാക്കുന്നതിനുള്ള ധനസഹായമായി റേഷൻ കാർഡ് ഒന്നിന് ₹10,000/- (പതിനായിരം രൂപ മാത്രം) വീതം അനുവദിക്കുന്നു.
4. 2026-ലെ കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ചവർക്ക് നിലവിൽ അനുവദിച്ചുവരുന്ന നഷ്ടപരിഹാരത്തുകയുടെ സംസ്ഥാന സർക്കാർ വിഹിതത്തിൽ 25% വർദ്ധനവ് അനുവദിക്കുന്നതാണ്. ഇതിനാവശ്യമായ അധിക ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വഹിക്കുന്നതാണ്.
5. പ്രളയജലം കയറി ദുരിതം ബാധിച്ച ഓരോ കുടുംബത്തിനും, ഒരു റേഷൻ കാർഡിന് (2 മുതിർന്ന വ്യക്തികൾക്ക്) പ്രതിദിനം ₹300/- (മുന്നൂറ് രൂപ മാത്രം) വീതം 7 ദിവസത്തേക്ക് അനുവദിക്കുന്നു. പ്രസ്തുത ധനസഹായത്തിനുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ

സ്മർപ്പിക്കേണ്ടതാണ്.

6. പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ, വ്യാപാര, വ്യവസായ സ്ഥാപനങ്ങൾക്കും അംഗീകൃത ഹോംസ്റ്റേകൾക്കും അടിയന്തര സഹായമായി ₹10,000/- (പതിനായിരം രൂപ മാത്രം) വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നു.

7. 01-08-2026 മുതൽ 31-08-2026 വരെയുള്ള കാലയളവിൽ മഴക്കെടുതിയിൽ നാശനഷ്ടം സംഭവിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, അംഗീകൃത ഹോംസ്റ്റേകൾ, ദുരന്തബാധിതരായ മൃഗസംരക്ഷണ കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാരപക്ഷി കർഷകർ, തേനീച്ച കർഷകർ, ടൂറിസ്റ്റ് വാഹന ഉടമകൾ, വാണിജ്യ വാഹന ഉടമകൾ എന്നിവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 23.01.2026-ലെ സ.ഉ.(കൈ).നം.03/2026/ഡി.എം.ഡി. ഉത്തരവ് പ്രകാരമുള്ള ഉജ്ജീവന പദ്ധതിയിലെ നടപടിക്രമങ്ങൾ ബാധകമാക്കാൻ തീരുമാനിച്ചു. കാലവർഷക്കെടുതി മൂലം ജീവനോപാധി നഷ്ടപ്പെടുന്നവരുടെ അംഗീകൃത പട്ടികയിൽ ഉൾപ്പെടുന്നവർക്ക് ജീവനോപാധി പുനരാരംഭിക്കുന്നതിനായി പ്രവർത്തന മൂലധനം (Working capital) മാത്രം വായ്പയായി എടുക്കുന്നവർക്ക് വായ്പയുടെ 25%-മോ, 3 ലക്ഷം രൂപയോ, ഏതാണോ കുറവ്, അത് മാർജിൻ മണി ആയി സർക്കാർ ഒറ്റത്തവണയായി ബാങ്കുകൾക്കു നല്കുന്നതാണ്. അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടുന്ന ദുരന്തബാധിതരിൽ ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം (Working capital) മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് എടുക്കുന്ന വായ്പ തുകയിൽ 12 ലക്ഷം രൂപ വരെ, മാർജിൻ മണിയ്ക്ക് പകരം അഞ്ച് വർഷത്തേക്ക് 9% നിരക്കിൽ താങ്ങ് പലിശ (Interest Subvention) സർക്കാർ ഒറ്റ തവണയായി ബാങ്കുകൾക്ക് നല്കുന്നതാണ്. ഇതിന് മുമ്പായി പുനരാരംഭ വായ്പ എടുത്തിട്ടുള്ള, അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടുന്ന മഴക്കെടുതിയിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കും അവർ എടുത്ത വായ്പ തുകയിൽ 12 ലക്ഷം രൂപ വരെയും അഞ്ച് വർഷത്തേക്ക് പരമാവധി 9% നിരക്കിൽ താങ്ങ് പലിശ (Interest Subvention) സർക്കാർ ഒറ്റത്തവണയായി ബാങ്കുകൾക്ക് നൽകുന്നതാണ്. ഇതിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു.

മേൽ തീരുമാനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ ബന്ധപ്പെട്ട വകുപ്പുകളും ജില്ലാ ഭരണകൂടങ്ങളും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം അഞ്ജന ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യു
കമ്മീഷണർ, ദുരന്ത നിവാരണം
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കൺവീനർ SLBC, കേരള, കാനറാ ബാങ്ക് സർക്കിൾ ഓഫീസ്, PB No. 159, MG Road,തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
കൃഷി വകുപ്പ്

വ്യവസായ വകുപ്പ്
പൊതുഭരണ (SC) വകുപ്പ് (ഇനം നമ്പർ: 133 O.A)
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Digitally signed by Manu S
Date: 06-08-2026 19:55:25
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്